"ഭരണഭാഷ-മാതൃഭാഷ"

No.DWCD/7083/2023-E5

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം

തീയതി : 31-07-2024

E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

**നോട്ടീസ്**

(അനുബന്ധം എച്ച് 4)

ശ്രീ പ്രദീപ് കുമാർ എസ്, ഓഫീസ് അറ്റൻഡന്റ്, ഐസിഡിഎസ്സ് കടുത്തുരുത്തി എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ 1960 ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണനടപടി താങ്കൾക്കെതിരെ എടുക്കാതിരിക്കുവാൻ കാരണം കാണിക്കുന്ന താങ്കളുടെ പ്രതിവാദ പത്രികയോ വിശദീകരണമോ സമർപ്പിക്കുവാൻ താങ്കളോട് നിർദ്ദേശിച്ചുകൊണ്ടുള്ള കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള 04.03.2024 തീയതിയിലെ ഇതേ നമ്പർ കുറ്റപത്രം/കുറ്റാരോപണ പത്രിക ഏറ്റവും ഒടുവിൽ അറിയാവുന്ന താങ്കളുടെ മേൽവിലാസത്തിൽ അയച്ചിരുന്നു. എന്നാൽ ടി കുറ്റപത്രം/കുറ്റാരോപണ പത്രിക വിതരണം ചെയ്യപ്പെടാതെ പോസ്റ്റൽ അധികാരികൾ വകുപ്പിലേയ്ക്ക് മടക്കുകയുണ്ടായി. ആയതിനാൽ, ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ താങ്കൾക്കെതിരെ തയ്യാറാക്കിയ കുറ്റപത്രത്തിന് താങ്കളുടെ ലിഖിതമായ പ്രതിവാദ പത്രികയോ മറ്റു വിശദീകരണമോ ലഭിക്കാത്ത പക്ഷം താങ്കൾക്ക് യാതൊരു പ്രതിവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും അതിനനുസൃതമായി തുടർന്നുള്ള നടപടികൾ എടുക്കുന്നതുമാണ്. കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള കുറ്റാരോപണത്തിന്റെ/ കുറ്റപത്രത്തിന്റെ പൂർണ്ണരൂപം നിശ്ചിതകാലാവധിക്കു മുമ്പ് വനിത ശിശു വികസന ഡയറക്ടർ, പൂജപ്പുര, തിരുവനന്തപുരം -ൽ നിന്നും ഓഫീസ് പ്രവർത്തി സമയങ്ങളിലോ അല്ലെങ്കിൽ അത് അയയ്ക്കേണ്ടതായ താങ്കളുടെ മേൽവിലാസം നൽകിക്കൊണ്ട് താങ്കൾ നൽകുന്ന അപേക്ഷയിന്മേലോ താങ്കൾക്കു വാങ്ങാവുന്നതാണ്. കൂടാതെ ഈ കാര്യാലയത്തിൽ നിന്നും താങ്കൾക്ക് നൽകിയിരുന്ന കുറ്റപത്രം /കുറ്റാരോപണ പത്രിക എന്നിവ വകുപ്പിന്റെ വെബ്സൈറ്റായ **wcd.kerala.gov.in** ൽ പ്രസിദ്ധീകരിച്ചിട്ടുമുണ്ട് എന്നറിയിക്കുന്നു.

HARITHA V KUMAR
**വനിത ശിശു വികസന ഡയറക്ടർ**

Signed by
Haritha V Kumar
Date: 01-08-2024 12:05:19

ശ്രീ പ്രദീപ് കുമാർ എസ്,
ഓഫീസ് അറ്റൻഡന്റ്,
ശിശുവികസന പദ്ധതി ഓഫീസ്
കടുത്തുരുത്തി